**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 310 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ആർ. രാമചന്ദ്രൻ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ അംഗനവാടികളുടെ പ്രവർത്തനം പഠിക്കുന്നതിനും കാലോചിതമായ പരിഷ്കരണത്തോടെ മികച്ച പരിചരണം കുട്ടികൾക്ക് ലഭിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ ; | എ) (1) അങ്കണവാടികളുടെ ഭൗതിക സാഹചര്യവും കരിക്കുലവും പരിഷ്കരിച്ച് കുട്ടികളുടെ ശാരീരികവും മാനസികവുമായ ബുദ്ധി വികാസത്തിന് ഊന്നൽ നൽകി പരമ്പരാഗത രീതിയിൽ നിന്ന് വ്യതിചലിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>(2) സംസ്ഥാനത്തെ അങ്കണവാടികളിലെ കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ കേന്ദ്ര Early childhood Care and Education (ECCE) കൗൺസിലിന്റെ മാതൃകയിൽ സ്റ്റേറ്റ് Early Childhood Care and Education (ECCE) കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>(3) ഗോത്രവർഗ്ഗ മേഖലയിലെ അങ്കണവാടികളിലെ കുട്ടികളുടെ പഠനത്തിനുള്ള ഭാഷാപരമായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നാഷണൽ Early Childhood Care and Education (ECCE) |

| | |
|---|---|
| | പോളിസി രൂപം നൽകിയ തീമുകളെ അടിസ്ഥാനമാക്കി ചിത്രപാഠാവലി തയ്യാറാക്കിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ മേഖലയിലെ അങ്കണവാടികളിലെ കുട്ടികളുടെ പഠന സൗകര്യത്തിനായി പഠന സഹായികൾ കന്നട, തമിഴ് ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്. |
| ബി) ഹൈ-ടെക് അംഗനവാടികൾ മുഖേന കുട്ടികൾക്കും ജീവനക്കാർക്കും എന്തെല്ലാം സൗകര്യങ്ങൾ പുതിയതായി ലഭിക്കുമെന്ന് വിശദമാക്കാമോ; | ബി) അങ്കണവാടികൾ ഹൈടെക് ആക്കി മാറ്റുന്നതിന്റെ ഭാഗമായുള്ള സ്മാർട്ട് അങ്കണവാടികൾ മുഖേന കുട്ടികൾക്കും ജീവനക്കാർക്കുമായി Class Room, Out door play area, Indoor play area, kitchen, creative zone, Dining area, Wash rooms for adult and kids separately, Swimming pool എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| സി) സംസ്ഥാനത്ത് എത്ര അംഗനവാടികളെ ഹൈ-ടെക് ആക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നതെന്നും ഇതിനായി 2019-20-ലെ ബഡ്ജറ്റിൽ എത്ര തുക മാറ്റി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | സി) സംസ്ഥാനത്ത് ഒരു സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 13 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി 2019-20 ലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക മാറ്റി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ